# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE:01.06.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. രാജ്യത്ത് ലോക്സഭാ തിരഞ്ഞെടുപ്പിൻറെ അവസാന ഘട്ട വോട്ടെടുപ്പിൽ 11 മണിവരെ 26.3 ശതമാനം പോളിംഗ്. വോട്ടെണ്ണൽ ചൊവ്വാഴ്ച.

   **Voting is underway for the seventh and final phase of Lok Sabha elections. 26.3 per cent voter turnout was recorded till 11 am.**

2. അസമിൽ പ്രളയക്കെടുതി രൂക്ഷം. ആറ് പേർക്ക് ജീവൻ നഷ്ടപ്പെട്ടു. മൂന്നര ലക്ഷത്തിലധികം പേർ ദുരിതത്തിൽ.

   **In Assam, flood situation worsened today as 6 people were killed and over three and half lakh people have been affected.**

3. കേരളത്തിൽ ശക്തമായ മഴ തുടരുന്നു. ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രത. തിരുവനന്തപുരത്ത് വള്ളം മറിഞ്ഞ് മത്സ്യത്തൊഴിലാളിയെ കാണാതായി.

   **Heavy rain continues in Kerala with six districts under yellow alert. Meanwhile one fisherman went missing after boat capsized in Thiruvananthapuram.**

4. പാക് അധീന കശ്മീർ, പാകിസ്ഥാൻറെ ഭാഗമല്ലെന്ന് ഇസ്ലാമാബാദ് ഹൈക്കോടതിയെ അറിയിച്ച് പാക് സർക്കാർ.

   **Pakistan government has admitted before Islamabad High Court that Pakistan Occupied Kashmir (PoK) is a foreign territory.**

5. 2024 പാരിസ് ഒളിമ്പിക്സിലേക്ക് യോഗ്യത നേടി ലോക ബോക്സിങ് ചാമ്പ്യൻഷിപ്പ് മെഡൽ ജേതാവായ ഇന്ത്യൻ താരം നിഷാന്ത് ദേവ്. ട്വൻറി-20 ലോകകപ്പ് ക്രിക്കറ്റിന് നാളെ തുടക്കം.

   **The world championships bronze medalist Nishant Dev became the first Indian male to qualify for the 2024 Paris Olympic Games. Meanwhile T-20 World cup cricket to begin tomorrow.**

&&&&&&&&&&&&&&&&&

# HEADLINE – 1

## ELECTION 7TH PHASE - INTRO

ലോക്സഭ തിരഞ്ഞെടുപ്പിന്റെ ഏഴാമത്തെയും അവസാനത്തെയും ഘട്ട വോട്ടെടുപ്പ് പുരോഗമിക്കുന്നു. 11 മണിവരെ 26.3 ശതമാനം പോളിംഗ് രേഖപ്പെടുത്തി. ഏഴ് സംസ്ഥാനങ്ങളിലെയും ഒരു കേന്ദ്രഭരണ പ്രദേശത്തെയും 57 ലോക്സഭാ മണ്ഡലങ്ങളിലാണ് വോട്ടെടുപ്പ് നടക്കുന്നത്.

**വിശദാംശങ്ങളിലേക്ക്.........**

(വോയ്സ്)

10.06 കോടി വോട്ടർമാരാണ് ഇന്ന് സമ്മതിദാനാവകാശം വിനിയോഗിക്കുക. 904 സ്ഥാനാർത്ഥികളാണ് ഇന്ന് ജനവിധി തേടുന്നത്. ഉത്തർപ്രദേശിൽ 28.08 ശതമാനവും, പഞ്ചാബിൽ 23.91 ഉം പശ്ചിമ ബംഗാളിൽ 28.10 ഉം, ബിഹാറിൽ 24.25 ഉം, ഒഡീഷയിൽ 22.64 ഉം ഝാർഖണ്ഡിൽ 29.55 ഉം, ഹിമാചൽപ്രദേശിൽ 31.92 ഉം, ചണ്ഡിഗഢിൽ 25.03 ഉം ആണ് പോളിംഗ്. പ്രധാനമന്ത്രിയും മുതിർന്ന ബി ജെ പി നേതാവുമായ നരേന്ദ്രമോദി, കേന്ദ്ര മന്ത്രി അനുരാഗ് സിങ്ങ് ഠാക്കൂർ, കോൺഗ്രസ് നേതാവ് വിക്രമാദിത്യ സിങ്, തൃണമൂൽ കോൺഗ്രസ് നേതാവ് അഭിഷേക് ബാനർജി തുടങ്ങിയവരാണ് ഏഴാം ഘട്ടത്തിൽ ജനവിധി തേടുന്ന പ്രമുഖർ. വോട്ടെടുപ്പ് നടക്കുന്ന മേഖലകളിൽ സുരക്ഷ ശക്തമാക്കിയിട്ടുണ്ട്. വോട്ടെടുപ്പ് അവസാനിക്കുന്നതോടെ എക്സിറ്റ് പോൾ ഫലങ്ങൾ ഇന്ന് പുറത്തുവരും. ഈ മാസം നാലിനാണ് ഏഴ് ഘട്ടങ്ങളിലെയും വോട്ടെണ്ണൽ.

**ന്യൂസ് ഡെസ്ക്, ആകാശവാണി.....**

&&&&&&&&&&&&&&&&

## ODISHA POLLING

ഒഡീഷ നിയമസഭയിലെ ശേഷിക്കുന്ന 42 മണ്ഡലങ്ങളിലേയ്ക്കുള്ള വോട്ടെടുപ്പിൽ 11 മണിവരെ 22.97 ശതമാനം പോളിംഗ്. മുഖ്യമന്ത്രി നവീൻ പട്നായിക്കിന്റെ നേതൃത്വത്തിലുള്ള ബി.ജെ.ഡി യും ബി.ജെ.പി യും തമ്മിലാണ് പ്രധാന മത്സരം. ബീഹാറിലെ ബോച് പൂർ ജില്ലയിലെ അഗീഗാവ് നിയമസഭാ മണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പും ഇന്ന് നടക്കുന്നുണ്ട്. സിറ്റിംഗ് എം എൽ എ മനോജ് മൻസിൽ വധക്കേസിൽ ശിക്ഷിക്കപ്പെട്ടതിനെ തുടർന്നാണ് ഉപതിരഞ്ഞെടുപ്പ്.

&&&&&&&&&&&&&&&&

## ELECTION COUNTING

കേരളത്തിൽ ലോക്സഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലിനുള്ള ഒരുക്കങ്ങൾ അവസാന ഘട്ടത്തിൽ. വിവിധ ജില്ലകളിലെ ക്രമീകരണങ്ങൾ ജില്ലാ കളക്ടർമാർ വിലയിരുത്തി വരികയാണ്. ഈ മാസം നാലിന് രാവിലെ എട്ട് മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും. തപാൽ വോട്ടുകളാണ് ആദ്യം എണ്ണുക. പഴുതടച്ച സുരക്ഷാ സംവിധാനങ്ങളാണ് വോട്ടെണ്ണലിന്റെ ഭാഗമായി ഒരുക്കിയിരിക്കുന്നത്. വോട്ടെണ്ണൽ ദിനത്തിലെ സുരക്ഷാ ക്രമീകരണങ്ങൾ ചർച്ച ചെയ്യാൻ ഡി ജി പി യുടെ നേതൃത്വത്തിൽ ഇന്ന് കോഴിക്കോട് ഉന്നതതല യോഗം ചേരും.

&&&&&&&&&&&&&&&&

## PM - KANYAKUMARI

കന്യാകുമാരിയിലെ വിവേകാനന്ദ പാറയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തുന്ന 45 മണിക്കൂർ നീണ്ട ഏകാന്ത

ധ്യാനം ഇന്ന് സമാപിക്കും. വ്യാഴാഴ്ച വൈകിട്ടാണ് ശ്രീ. നരേന്ദ്രമോദി ധ്യാനം ആരംഭിച്ചത്. ഇന്ന് ധ്യാനം പൂർത്തിയാക്കിയ ശേഷം, പ്രധാനമന്ത്രി തിരുവള്ളുവർ പ്രതിമ സന്ദർശിക്കും. തുടർന്ന് കന്യാകുമാരി ഹെലിപാഡിൽ നിന്ന് തിരുവനന്തപുരത്ത് എത്തി, ന്യൂഡൽഹിയിലേക്ക് മടങ്ങും. പ്രധാനമന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് തിരുവനന്തപുരത്ത് ഇന്ന് ഉച്ചക്ക് 12 മുതൽ വൈകിട്ട് ഏഴു വരെ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി.

&&&&&&&&&&&&&&&&

## WORLD MILK DAY

ഇന്ന് ലോക ക്ഷീരദിനം. ഐക്യരാഷ്ട്രസഭക്കു കീഴിലുള്ള ഫുഡ് ആൻഡ് അഗ്രികൾച്ചർ ഓർഗനൈസേഷൻ 2001-ലാണ് ജൂൺ 1 ലോക ക്ഷീരദിനമായി അംഗീകരിച്ചത്. പാലിനെ ആഗോള ഭക്ഷണമായി അംഗീകരിക്കുന്നതിനും ക്ഷീരവ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയാണ് ഈ ദിനം ആചരിക്കുന്നത്. ലോകമെമ്പാടുമുള്ള നൂറ് കോടിയിലധികം ആളുകൾക്ക് ഉപജീവനമാർഗം നൽകുന്നതിൽ ക്ഷീര വ്യവസായത്തിന്റെ സംഭാവനകൾ ഉയർത്തിക്കാട്ടുന്നതിലും ഈ ദിവസം ശ്രദ്ധ കേന്ദ്രീകരിക്കാറുണ്ട്.

&&&&&&&&&&&&&&&&

## HEADLINE – 2

## ASSAM-FLOOD

റേമൽ ചുഴലിക്കാറ്റിനെ തുടർന്നുണ്ടായ പ്രളയക്കെടുതിയിൽ അസമിൽ 6 പേർ മരിച്ചു. 11 ജില്ലകളിലെ മൂന്ന് ലക്ഷത്തി 50,000 പേരെ പ്രളയം ബാധിച്ചു. 560 ഗ്രാമങ്ങളിലെ 4900 ലധികം ഹെക്ടറിൽ കൃഷി

നാശമുണ്ടായി. നിരവധി റോഡുകൾ തകർന്നതായി അസം ദുരന്ത നിവാരണ അതോറിട്ടി അറിയിച്ചു. 148 ദുരിതാശ്വാസ ക്യാമ്പുകളും ദുരിതാശ്വാസ സമാഗ്രികളുടെ വിതരണത്തിന് 39 കേന്ദ്രങ്ങളും തുറന്നിട്ടുണ്ട്.

&&&&&&&&&&&&&&&&

## IMD-HEATWAVE

ഹരിയാന, ഡൽഹി, പഞ്ചാബ്, രാജസ്ഥാൻ, ഉത്തർപ്രദേശ്, ഒഡീഷ, ബിഹാർ, ഝാർഖണ്ഡ് സംസ്ഥാനങ്ങളിൽ ഉഷ്ണതരംഗ സാധ്യത നിലനിൽക്കുന്നതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മധ്യപ്രദേശ്, ഛത്തീസ്ഗഢ്, ഉത്തരാഖണ്ഡ്, ആന്ധ്രാപ്രദേശ് സംസ്ഥാനങ്ങളിലും ഉഷ്ണതരംഗ സാധ്യതാ മുന്നറിയിപ്പുണ്ട്. പകൽ ചൂട് കൂടിയതോടെ തമിഴ്നാട്ടിൽ സ്കൂൾ തുറക്കുന്നത് മാറ്റി. ഈ മാസം 10 നായിരിക്കും സ്കൂളുകൾ തുറക്കുന്നത്. പുതുച്ചേരിയിൽ ജൂൺ 12 ന് സ്കൂൾ തുറക്കും. അതേസമയം വടക്കു- കിഴക്കൻ മേഖലയിലും പശ്ചിമബംഗാളിലും അടുത്ത ആറു ദിവസം ചെറിയ തോതിൽ മഴ ലഭിച്ചേക്കാമെന്നും മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&

## HEADLINE – 3
## RAIN KERALA

തെക്ക് - കിഴക്കൻ അറബിക്കടലിൽ കേരള തീരത്തിന് അരികെ ചക്രവാതച്ചുഴി രൂപപ്പെട്ടു. ഇതിന്റെ ഫലമായി കേരള തീരത്ത് ശക്തമായ പടിഞ്ഞാറൻ കാറ്റ് നിലനിൽക്കുന്നതായി കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. സംസ്ഥാനത്ത് നാളെ വരെ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. ഇന്ന് മലപ്പുറം, കോഴിക്കോട്, വയനാട്,

തൃശൂർ, എറണാകുളം, ഇടുക്കി ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദ്ദേശമുണ്ട്. തെക്കൻ കേരള തീരത്തും, ലക്ഷദ്വീപ് പ്രദേശത്തും നാളെ വരെ മത്സ്യബന്ധനത്തിന് വിലക്കുണ്ട്.

&&&&&&&&&&&&&&&&

## HEADLINE – 3 (a)
## FISHERMAN MISSING

തിരുവനന്തപുരം ശംഖുമുഖത്ത് വള്ളം മറിഞ്ഞ് മത്സ്യ തൊഴിലാളിയെ കാണാതായി. ശംഖുമുഖം സ്വദേശി മഹേഷിനെയാണ് കാണാതായത്. തീരദേശ സംരക്ഷണ സേനയുടെ നേതൃത്വത്തിൽ മഹേഷിനായി തിരച്ചിൽ തുടരുകയാണ്. രാവിലെ 8 മണിയോടെയാണ് അപകടം നടന്നത്. വിഴിഞ്ഞത്തേക്ക് പോകുകയായിരുന്ന വള്ളം തിരയിൽ പെട്ട് മറിയുകയായിരുന്നു. രണ്ട് പേരാണ് വള്ളത്തിൽ ഉണ്ടായിരുന്നത്. കൂടെയുണ്ടായിരുന്ന ആൾ നീന്തി രക്ഷപെട്ടു. മത്സ്യ തൊഴിലാളിക്ക് വേണ്ടിയുള്ള തിരച്ചിൽ ഊർജതമായി തുടരുകയാണെന്നും സംഭവം നടന്നയുടൻ തിരച്ചിൽ നടത്താനുള്ള നടപടി സ്വീകരിച്ചതായും ആന്റണി രാജു എം എൽ എ പറഞ്ഞു.

&&&&&&&&&&&&&&&&

## HEADLINE – 4
## PAKISTAN - POK

പാക് അധീന കശ്മീർ, പാകിസ്ഥാൻറെ ഭാഗമല്ലെന്ന് സമ്മതിച്ച് പാക് സർക്കാർ. ഇസ്ലാമാബാദ് ഹൈക്കോടതിയിൽ പാകിസ്ഥാൻ അഡീഷണൽ അറ്റോർണി ജനറലാണ് ഇക്കാര്യം പറഞ്ഞത്. അയൽ

രാജ്യത്തിൻറെ ഭാഗമായത് കൊണ്ട് തന്നെ പാക് അധീന കശ്മീർ പൊലീസിൻറെ കസ്റ്റഡിയിലുള്ള കശ്മീരി കവിയും പത്രപ്രവർത്തകനുമായ അഹമ്മദ് ഫർഹാദ് ഷായെ ഇസ്ലാമാബാദ് ഹൈക്കോടതിയിൽ ഹാജരാക്കാൻ സാധിക്കില്ലെന്ന് അറ്റോർണി ജനറൽ പറഞ്ഞു. റാവിൽപിണ്ടിയിലെ വസതിയിൽ നിന്ന് പാകിസ്ഥാനി ഇൻറലിജൻസ് ഏജൻസി അഹമ്മദ് ഫർഹാദ് ഷായെ പിടിച്ചുകൊണ്ടുപോയതായി കാണിച്ച് അദ്ദേഹത്തിന്റെ ഭാര്യ നൽകിയ ഹർജി പരിഗണിക്കുകയായിരുന്നു കോടതി.

&&&&&&&&&&&&&&&&

## HEADLINE – 5
## BOXING

ലോക ബോക്സിങ് ചാമ്പ്യൻഷിപ്പ് വെങ്കല മെഡൽ ജേതാവ് ഇന്ത്യയുടെ നിഷാന്ത് ദേവ് 2024 പാരിസ് ഒളിമ്പിക്സിലേക്ക് യോഗ്യത നേടി. ഇത് ആദ്യമായിയാണ് ഒരു ഇന്ത്യൻ പുരുഷ ബോക്സിങ് താരം പാരിസ് ഒളിമ്പിക്സിൽ മത്സരിക്കാൻ യോഗ്യത നേടുന്നത്. ബാങ്കോക്കിൽ ഇന്നലെ നടന്ന ലോക ബോക്സിങ് ക്വാളിഫയർ ക്വാട്ടറിൽ 71 കിലോഗ്രാം വിഭാഗത്തിൽ മോൾഡോവ താരത്തെ 5-0 ന് പരാജയപ്പെടുത്തിയാണ് നിഷാന്തിൻറെ നേട്ടം. നേരത്തെ വനിതാ ബോക്സിങ് താരങ്ങളായ നിഖാഹത്ത് സരീൻ, പ്രീതി, ലവ്ലിന ബോർഗോഹേൻ എന്നിവർ ഒളിമ്പിക്സ് യോഗ്യത നേടിയിരുന്നു.

&&&&&&&&&&&&&&&&

## HEADLINE – 5 (a)

## T-20 WORLD CUP

ക്രിക്കറ്റ് ആരാധകർ ഇനി ട്വന്റി- 20 ലോകകപ്പ് ആവേശത്തിലേക്ക്. ട്വന്റി- 20 ലോകകപ്പ് 9-ാം പതിപ്പിന് നാളെ തുടക്കമാകും. അമേരിക്കയും കാനഡയും തമ്മിലാണ് ഉദ്ഘാടന മത്സരം. നാല് ഗ്രൂപ്പുകളിലായി 20 ടീമുകളാണ് ഇത്തവണ ലോക കപ്പിൽ മാറ്റുരയ്ക്കുന്നത്. അമേരിക്കയും വെസ്റ്റ് ഇൻഡീസ്സുമാണ് ടി-20 ക്ക് വേദിയാകുന്നത്. ഗ്രൂപ്പ് ഘട്ടത്തിൽ ഇന്ത്യക്ക് ആകെ നാല് മത്സരങ്ങളാണുള്ളത്. ഈ മാസം 5 ന് അയർലാൻഡിനെതിരെയാണ് ഇന്ത്യയുടെ ആദ്യ മത്സരം. ഐപിഎല്ലിൽ മികച്ച പ്രകടനം കാഴ്ചവെച്ച മലയാളി താരം സഞ്ജു സാംസൺ ഇത്തവണ ടീമിൽ ഇടം നേടിയിട്ടുണ്ട്. ജൂൺ 9 നാണ് ഇന്ത്യ - പാക് പോരാട്ടം. ഇന്ത്യ - ബംഗ്ലാദേശ് സന്നാഹ മത്സരം ഇന്ന് രാത്രി 8 ന് ന്യൂയോർക്കിൽ നടക്കും. ഇംഗ്ലണ്ടാണ് നിലവിലെ ട്വന്റി- 20 ചാമ്പ്യൻമാർ.

&&&&&&&&&&&&&&&&

## PUPPETEER -PASSED AWAY

പാവക്കൂത്തു കലാകാരൻ മഗുനി ചരൺ കുആനർ അന്തരിച്ചു. ഒഡിഷയിലെ സ്വവസതിയിൽ ഇന്ന് പുലർച്ചെയായിരുന്നു അന്ത്യം . 88 വയസായിരുന്നു . അന്യം നിന്നു പോകുന്ന പരമ്പരാഗത കലാരൂപമായ പാവകളിയെ നിലനിർത്തി കൊണ്ടുപോകാൻ അദ്ദേഹം നൽകിയ ആജീവനാന്ത സംഭാവനയ്ക്ക് രാജ്യം കഴിഞ്ഞ വർഷം പത്മശ്രീ നൽകി ആദരിച്ചു.

&&&&&&&&&&&&&&&&

## PUNE ARREST

പൂനെ കല്യാണി നഗർ വാഹനാപകടവുമായി ബന്ധപ്പെട്ട കേസിൽ കുറ്റാരോപിതനായ പ്രായപൂർത്തിയാകാത്ത കുട്ടിയുടെ അമ്മയെ പോലീസ് അറസ്റ്റ് ചെയ്തു. കുട്ടിയുടെ രക്ത സാമ്പിൾ മാറ്റിയെന്നും അതിനായി പണം നൽകി ഡോക്ടർ മാരെ സ്വാധീനിച്ചെന്നുമാണ് ആരോപണം .ഇവരെ മറ്റന്നാൾ കോടതിയിൽ ഹാജരാക്കും. കേസുമായി ബന്ധപ്പെട്ട് പൂനെ ഫോറൻസിക് ലബോറട്ടറിയിലെ രണ്ടു വനിതാ നഴ്സുമാരെ ക്രൈം ബ്രാഞ്ച് ചോദ്യം ചെയ്തു. രക്തസാമ്പിൾ മാറ്റുന്നതിൽ രണ്ടു ഡോക്ടർമാർക്ക് പ്രധാന പങ്കുണ്ടെന്ന് വെളിപ്പെട്ടിട്ടുണ്ട് .

&&&&&&&&&&&&&&&&

## LPG + GOLD

വാണിജ്യ ആവശ്യങ്ങൾക്കുള്ള പാചക വാതകത്തിന്റെ വില കുറഞ്ഞു. സിലിണ്ടറിന് 70 രൂപ 50 പൈസയാണ് കുറഞ്ഞത്. സ്വർണ വില കുറഞ്ഞു. ഗ്രാമിന് 20 രൂപ കുറഞ്ഞ് 6,650 രൂപയും പവന് 160 രൂപ കുറഞ്ഞ് 53,200 രൂപയുമായി.

&&&&&&&&&&&&&&&&

## KEJRIWAL BAIL

മദ്യ നയ അഴിമതിക്കേസിലെ ഇടക്കാല ജാമ്യം ഒരാഴ്ചകൂടി നീട്ടണമെന്നാവശ്യപ്പെട്ട് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ നല്കിയ ഹർജി കോടതി ഇന്ന് പരിഗണിക്കും. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഇതുസംബന്ധിച്ച മറുപടി റിപ്പോർട്ട് സമർപ്പിച്ചു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&